കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ലെ നിയമനങ്ങൾക്കുള്ള വ്യവസ്ഥകൾ

146 [1724] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

" ഇ. എം. അഗസ്തി:

" എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ൽ നിയമനങ്ങൾ നടത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) ഈ വ്യവസ്ഥകൾക്കു വിധേയമായല്ലാതെ അവിടെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(സി) ഇപ്രകാരം നിയമിക്കപ്പെട്ടവർ എത്ര കാലമായി കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ൽ തുടരുന്നു;

(ഡി) ഇവിടത്തെ അനധികൃത നിയമനങ്ങളെപ്പറ്റി അന്വേഷണം നടത്തുമോ?

ഉത്തരം

(എ) കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ൽ നിയമനങ്ങൾ നടത്തുന്നത് താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരമാണ്:

1. ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെയുള്ള ഡയറക്ട് റിക്രൂട്ട്മെന്റ്/കോൺട്രാക്ട് നിയമനങ്ങൾ.

2. സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ.

3. അത്യാവശ്യ സന്ദർഭങ്ങളിൽ ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ വ്യവസ്ഥയിലുമുള്ള നിയമനങ്ങൾ.

(ബി) മേൽ പറഞ്ഞ വ്യവസ്ഥകൾക്കു വിധേയമായല്ലാതെ ഇവിടെ നിയമനങ്ങൾ നടത്തിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) മേൽപ്പറഞ്ഞ രീതികളിലല്ലാതെ ഈ സ്ഥാപനത്തിൽ നിയമനങ്ങൾ നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly